# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 01/ 03/ 2021


## വാളത്തുംഗൽ ഗവ.ബോയ്സ് സ്ക്കൂളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ കാരുണ്യ സാന്ത്വനം

കൊല്ലം : ആത്മാഥ സ്നേഹം, ക്ഷമ, കരുണ എന്നിവ സഹജീവികളിലേക്ക് പകരുക എന്നത് ഒരു അനുഭൂതിയാണ്. അതിന്റെ ഭാഗമായി വാളത്തുംഗൽ ഗവ.ബോയ്സ് സ്ക്കൂളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് ആദ്യ ബാച്ചിലെ (2018) കേഡറ്റായ ദീപു.എസ് ഗോപകുമാറിന് സ്ക്കൂളിലെ ആ ബാച്ചിലെ സി.പി.ഒ ആയിരുന്ന ശ്രീമതി. ജയ മണിലാൽ സാന്ത്വന ധനസഹായം നൽകി. കേഡറ്റ് ദീപു വിന്റെ ഭവന നിർമ്മാണത്തിന് കൈത്താങ്ങായി 15,000/ രൂപയുടെ ധനസഹായമാണ് നൽകിയത്.പ്രസ്തുത ചടങ്ങിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് കൊല്ലം സിറ്റി അസിസ്റ്റന്റ് നോഡൽ ഓഫീസർ ശ്രീ.അനിൽകുമാർ, പി.ടി.എ പ്രസിഡന്റ് ശ്രീ. സന്തോഷ് കുമാർ, എച്ച്.എം ശ്രീമതി.സോമലത തുടങ്ങിയവർ പങ്കെടുത്തു.



ശ്രീമതി. ജയ മണിലാൽ നൽകിയ സ്വാന്ത്വന ധനസഹായം എസ്.പി.സി അസിസ്റ്റന്റ് നോഡൽ ഓഫീസർ ശ്രീ.അനിൽകുമാർ കേഡറ്റായ ദീപു.എസ് ഗോപകുമാറിന് നൽകുന്നു

സ്റ്റുഡന്റ് പോലീസ് കേഡറ്റ് വാളത്തുംഗൽ ബോയ്സ് സ്ക്കൂളിന്റെ നേതൃത്വത്തിൽ ഹങ്ഗർ ഹണ്ട് (എല്ലാമാസവും ഒന്നാം തീയതി അഗതിമന്ദിരങ്ങളിൽ ഭക്ഷണം നൽകുക ) എന്ന പ്രവർത്തനത്തിൽ ഇരവിപുരം കാരുണ്യതീരത്ത് ഭക്ഷണ വിതരണം നടന്നു.

കാരുണ്യതീരത്തെ കുട്ടികൾക്ക് എല്ലാ മാസവും അവർക്ക് ഇഷ്ടമുള്ള ഭക്ഷണം നൽകാൻ വാളത്തുംഗൽ സ്ക്കൂളിലെ അധ്യാപകരും, വിദ്യാർത്ഥികളും ഒരുമിച്ച് പ്രവർത്തിക്കുന്നു. **'അനാഥത്വവും, വിശപ്പും'** നിർവചിക്കാൻ പറ്റാത്ത രണ്ട് അവസ്ഥകളാണ്. അതിനെ മറികടക്കാൻ കാരുണ്യതീരത്തെ അഗതികൾക്ക് കൈത്താങ്ങായി വാളത്തുംഗൽ ബോയിസ് സ്കൂളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രതിജ്ഞാബദ്ധരാണ്. അതിനുള്ള പരിശ്രമം നിരന്തരം തുടർന്ന് കൊണ്ടിരിക്കും.




കാരുണ്യ തീരത്തിലെ അമ്മമാർക്കൊപ്പം സ്റ്റുഡന്റ് പോലീസ് കേഡറ്റ് വാളത്തുംഗൽ ബോയ്സ് യൂണിറ്റ്

ഇന്ന് ഉച്ചയ്ക്ക് 12 .30 ന് കാരുണ്യതീരത്ത് വെച്ച് നടന്ന ഭക്ഷണ വിതരണ പരിപാടിയിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് കൊല്ലം സിറ്റി അസിസ്റ്റന്റ് നോഡൽ ഓഫീസർ ശ്രീ.അനിൽകുമാർ, പി.ടി.എ പ്രസിഡന്റ് ശ്രീ. സന്തോഷ് കുമാർ, എച്ച്.എം ശ്രീമതി.സോമലത തുടങ്ങിയവർ പങ്കെടുത്തു.